"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പുനലൂർ നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ജി.രേണുകാ ദേവി - കൊച്ചി ലേക്ഷോർ ഹോസ്പിറ്റലിൽ കാൻസർ സംബന്ധമായ ചികിത്സയ്ക്ക് ചെലവായതുക - പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.1303/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/07/2020

---

പരാമർശം:- 1 പുനലൂർ നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ജി.രേണുകാ ദേവി സമർപ്പിച്ച 09.10.2019 തീയതിയിലെ അപേക്ഷ.

2 നഗരകാര്യ ഡയറക്ടറുടെ 09.12.2019, 02.06.2020 എന്നീ തീയതികളിലെ എഫ്3-21232/2019 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പുനലൂർ നഗരസഭാ സെക്രട്ടറി ശ്രീമതി.ജി. രേണുകാദേവിയ്ക്ക് കൊച്ചി ലേക്ഷോർ ഹോസ്പിറ്റലിൽ കാൻസർ സംബന്ധമായ ചികിൽസയുടെ ബില്ലുകളും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും അപേക്ഷയും ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയമായ തുക രേഖപ്പെടുത്തി കൗണ്ടർ സൈൻ ചെയ്തതും അപ്പൻഡിക്സ് - II ഉം മെഡിക്കൽ പ്രതിപൂരണം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനായി നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. പരിശോധനയിൽ അനുവദനീയമായ തുക 1,16,194/- (ഒരു ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനലൂർ നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ജി.രേണുകാ ദേവിയ്ക്ക് കൊച്ചി ലേക് ഷോർ ഹോസ്പിറ്റലിൽ കാൻസർ സംബന്ധമായ ചികിൽസയ്ക്ക് 18.07.2019 മുതൽ 13.09.2019 വരെ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണന്ന് സാക്ഷ്യപ്പെടുത്തിയ 1,16,194/- രൂപയുടെ 80% തുകയായ 92,955/- രൂപ (തൊണ്ണൂറ്റി രണ്ടായിരത്തി തൊള്ളായിരത്തി അൻപത്തഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് നഗര കാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

**പകർപ്പ്:-**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (ബില്ലുകളും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും അപേക്ഷയും സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ശ്രീമതി.ജി.രേണുകാ ദേവി (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ